**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591** **02-02-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്താക്കളായി സർക്കാർ ജീവനക്കാരും അധ്യാപകരും അവരുടെ ആശ്രിതരായ മാതാപിതാക്കൾ, ഭാര്യ/ഭർത്താവ്, ഇരുപത്തഞ്ച് വയസ്സിന് താഴെയുള്ള മക്കൾ എന്നിവർ ഉൾപ്പെടുമ്പോൾ പെൻഷൻകാരുടെ ആശ്രിതരായ മാതാപിതാക്കളും മക്കളും പദ്ധതിയുടെ പരിധിയിൽ വരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമാണ് പദ്ധതിയിൽ ഗുണഭോക്താവായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത്.** |
| (ബി) | ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഒരേ പ്രീമിയം തുക ഈടാക്കി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി പെൻഷൻകാരുടെ മാതാപിതാക്കളേയും മക്കളേയും മാത്രം ഒഴിവാക്കിയ നടപടി പിൻവലിക്കുവാനും അവരെ കൂടി പദ്ധതിയിൽ അംഗമാക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) | **ഗുണഭോക്താക്കളെയും അവരുടെ ആശ്രിതരെയും നിശ്ചയിച്ച് മെഡിസെപ് പദ്ധതി 01.07.2022 മുതൽ ആരംഭിച്ച സാഹചര്യത്തിൽ കരാറിൽ നിന്നും വ്യതിചലിച്ച് പെൻഷൻകാരുടെ ആശ്രിതരായി അവരുടെ മക്കളെ ഉൾപ്പെടുത്തുന്നതിന് ഈ പദ്ധതി കാലയളവിൽ നിർവ്വാഹമില്ല.** |
| (സി) | പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിതരായ വിവിധ കമ്പനി/ബോർഡ് ജീവനക്കാരെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | **കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രസ്തുത ഗുണഭോക്താക്കളുടെ പ്രീമിയം തുക അവരുടെ ശമ്പളത്തിൽ നിന്നും വിരമിക്കുന്ന** |

| | | | |
|---|---|---|---|
| | | | **അവസരത്തിൽ അവരുടെ പെൻഷനിൽ നിന്നും ഈടാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ കമ്പനികളിലും ബോർഡുകളിലും നിലവിലുള്ള ശമ്പള/പെൻഷൻ വിതരണ പ്രക്രിയയിലൂടെ ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം ഈടാക്കുന്നതിലെ അപ്രായോഗികതയും സാങ്കേതിക ബുദ്ധിമുട്ടും കാരണമാണ് ആദ്യഘട്ടത്തിൽ മേൽ വിഭാഗത്തെ പദ്ധതിയിൽ ഉൾപ്പെടുത്താത്തത്.** |
| (ഡി) | പ്രസ്തുത ജീവനക്കാരെ സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ മെഡിസെപ്പിലും ഇവരെ അംഗമാക്കാൻ സാധിക്കുമോ; അതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | **കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രസ്തുത ഗുണഭോക്താക്കളുടെ പ്രീമിയം തുക അവരുടെ ശമ്പളത്തിൽ നിന്നും വിരമിക്കുന്ന അവസരത്തിൽ അവരുടെ പെൻഷനിൽ നിന്നും ഈടാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ കമ്പനികളിലും ബോർഡുകളിലും നിലവിലുള്ള ശമ്പള/പെൻഷൻ വിതരണ പ്രക്രിയയിലൂടെ ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം ഈടാക്കുന്നതിലെ അപ്രായോഗികതയും സാങ്കേതിക ബുദ്ധിമുട്ടും കാരണമാണ് ആദ്യഘട്ടത്തിൽ മേൽ വിഭാഗത്തെ പദ്ധതിയിൽ ഉൾപ്പെടുത്താത്തത്.** |
| (ഇ) | മെഡിസെപ്പിനായി എൻലിസ്റ്റ് ചെയ്ത അംഗീകൃത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും | (ഇ) | മെസിസെപ്പിനായി എൻലിസ്റ്റ് ചെയ്ത ഹോസ്പിറ്റലുകളിൽ ലഭ്യമായ എല്ലാ ചികിത്സകളും |

| | | | |
|---|---|---|---|
| | പദ്ധതിയുടെ ഭാഗമാക്കി ഗുണഭോക്താക്കൾക്കു ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | | പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ